**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3024** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വന്യജീവി സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ കാട്ടുപിടിച്ചു കിടക്കുന്ന എസ്റ്റേറ്റുകളുടെ ഉടമകൾക്ക് അടിക്കാട് നീക്കം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12/05/2023 ലെ ഡി.എ.1/165/2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി കാട്ടുമൂടിക്കിടക്കുന്ന പറമ്പുകൾ വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അധികാരമുണ്ടെന്നും പൊതുജനങ്ങൾക്ക് അപകടകരമായ രീതിയിൽ സ്ഥിതി ചെയ്യുന്ന വസ്തുവകകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും കൃത്യമായ കാലപരിധിയിൽ അത് പരിപാലിക്കുന്നതിനും ഉടമകൾക്ക് / കൈവശക്കാർക്ക് നിർദ്ദേശം നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിക്കുന്നതിന് വനം ഡിവിഷനുകളിൽ നിന്നും പഞ്ചായത്തുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ വനം സർക്കിളുകൾക്ക് കീഴിൽ വനമേഖലയോട് ചേർന്നു സ്ഥിതി ചെയ്യുന്നതും കാട്ടുപിടിച്ചു കിടക്കുന്നതുമായ എസ്റ്റേറ്റുകളിൽ കാട്ടു വെട്ടിത്തെളിക്കുവാൻ നിർദ്ദേശം നൽകണമെന്ന് ജില്ലാ കളക്ടർമാരോട് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള ജില്ലാതല സമിതികളിലും നിരന്തരം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.<br>നിരന്തരമായി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഉണ്ടാകുന്ന പ്രദേശങ്ങളിൽ കൃഷിക്കായി ഉപയോഗിക്കാത്ത സ്ഥലങ്ങളിലെ അടിക്കാടുകൾ തെളിക്കുവാനും കാട്ടുപിടിക്കാതെ ശ്രദ്ധിക്കണമെന്നും |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റ് അധികൃതർക്കും തോട്ടം ഉടമകൾക്കും വനം വകുപ്പ് നേരിട്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്ന റാപിഡ് റെസ്പോൺസ് ടീമുകൾക്ക് ആധുനിക ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | NABARD-RIDF-TRANCHE-XXVII പദ്ധതിയിൽ ആറളം (കണ്ണൂർ ഡിവിഷൻ), കുപ്പാടി (വയനാട് വൈൽഡ്‌ലൈഫ് ഡിവിഷൻ), ചന്തക്കുന്ന് (നിലമ്പൂർ നോർത്ത് ഡിവിഷൻ), ഒലവക്കോട് (പാലക്കാട് ഡിവിഷൻ), ദേവികുളം (മൂന്നാർ ഡിവിഷൻ), അഞ്ചൽ (പുനലൂർ ഡിവിഷൻ) എന്നീ ആറ് RRT & VET Centre കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ) 13/04/2022 ലെ സ.ഉ. (കൈ) നം. 17/2022/വനം പ്രകാരം 1809.32 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ച വരുന്നു.<br><br>NABARD-RIDF-TRANCHE-XXX പദ്ധതിയിൽ ഉൾപ്പെടുത്തി പെരിയാർ വെസ്റ്റ് ഡിവിഷനിലെ പീരുമേട് RRT & VET Centre ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി (കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനം തുടങ്ങിയവ) 16/11/2024 ലെ സ.ഉ. (കൈ) നം. 41/2024/വനം പ്രകാരം 607.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.<br>കൂടാതെ വിവിധ ആർ.ആർ.ടി. ടീമുകൾക്ക് 2016 മുതൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബജറ്റ് & ഓഡിറ്റ്) ഓഫീസിൽ നിന്നും 19 വാഹനങ്ങൾ അനുവദിച്ച നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു.<br><br>സംസ്ഥാനത്തെ ആർ.ആർ.ടി. യൂണിറ്റുകൾക്ക് ഉപകരണങ്ങളും മറ്റ സംവിധാനങ്ങളും നൽകി ശാക്തീകരിക്കുന്നതിന് സ.ഉ. (സാധാ) 287/2025/DMD തീയതി 03/05/2025 പ്രകാരം മൂന്ന് കോടി രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. അനുബന്ധം -2 ആയി നൽകിയിരിക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂൾ റൂമുകൾ സജ്ജീകരിക്കുന്നതിനും ആർ.ആർ.ടി. അംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനുമാണ് തുക അനുവദിച്ചിരിക്കുന്നത്. ആയത് പ്രകാരമുള്ള തുടർനടപടികൾ പുരോഗതിയിലാണ്.<br>കൂടാതെ KIIFB ഫണ്ട് ഉപയോഗിച്ച് ദ്രുത കർമ്മ സേനകളുടെ (RRT) ശാക്തീകരണത്തിനായി 25 വാഹനങ്ങൾ, 50 തോക്കുകൾ (12 ബോർ പമ്പ് |

| | | | |
|---|---|---|---|
| | | | ആക്ഷൻ), 15 ടാൻക്വിലൈസറുകൾ, 5000 തിരകൾ, 25 വീതം നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, ടോർച്ച് ലൈറ്റുകൾ, ബോഡി പ്രൊട്ടക്റ്റീവ് ഗിയറുകൾ, ബ്രഷ് കട്ടറുകൾ, മൊബൈൽ സ്പീക്കറുകൾ, പവർ സാ, വലിയ മൃഗങ്ങളെ പിടികൂടുന്നതിനായി ആധുനിക സംവിധാനത്തോട് കൂടിയ കൂടുകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 3024

| ക്രമ നം. | വാഹനം | അനുവദിക്കപ്പെട്ട ആർ.ആർ.ടി. |
|---|---|---|
| 1 | ബൊലേറോ ക്യാമ്പർ | നിലമ്പൂർ ആർ.ആർ.ടി. |
| 2 | ബൊലേറോ ക്യാമ്പർ | കണ്ണൂർ ആർ.ആർ.ടി. |
| 3 | ബൊലേറോ ക്യാമ്പർ | റാന്നി ആർ.ആർ.ടി. |
| 4 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | മണ്ണാർക്കാട് ആർ.ആർ.ടി. |
| 5 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | കാസർഗോഡ് ആർ.ആർ.ടി. |
| 6 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | പുനലൂർ ആർ.ആർ.ടി. |
| 7 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | പേപ്പാറ ആർ.ആർ.ടി. |
| 8 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | വയനാട് ആർ.ആർ.ടി. |
| 9 | ബൊലേറോ ക്യാമ്പർ PS 4WD | പേപ്പാറ, പരുത്തിപ്പള്ളി ആർ.ആർ.ടി. |
| 10 | ബൊലേറോ ക്യാമ്പർ PS 4WD | കോഴിക്കോട് ആർ.ആർ.ടി. |
| 11 | ബൊലേറോ ക്യാമ്പർ PS 4WD | അട്ടപ്പാടി ആർ.ആർ.ടി. |
| 12 | ബൊലേറോ ക്യാമ്പർ PS 4WD | കോന്നി ആർ.ആർ.ടി. & സ്ട്രൈക്കിംഗ് ഫോഴ്സ് |
| 13 | ബൊലേറോ ക്യാമ്പർ PS 4WD | മൂന്നാർ ആർ.ആർ.ടി. |
| 14 | ബൊലേറോ ക്യാമ്പർ | എരുമേലി ആർ.ആർ.ടി. |
| 15 | ബൊലേറോ ക്യാമ്പർ | കോതമംഗലം ആർ.ആർ.ടി. |
| 16 | ബൊലേറോ ക്യാമ്പർ | മാങ്കുളം ആർ.ആർ.ടി. |
| 17 | ബൊലേറോ ക്യാമ്പർ PS 4WD | കോട്ടയം ആർ.ആർ.ടി. |
| 18 | ബൊലേറോ ക്യാമ്പർ | തെന്മല ആർ.ആർ.ടി. |
| 19 | ബൊലേറോ ക്യാമ്പർ | ചാലക്കുടി ആർ.ആർ.ടി. |

1664

Annexure 2

**TENTATIVE LIST OF EQUIPMENTS FOR EACH RRT**

**Group I: Personnel items for all staff**

1. Camouflage jacket for staff
2. Uniform for watchers
3. Reflecting jacket for all
4. Belt for watchers
5. Shoes for all
6. Cap for all
7. Raincoats for all
8. Small backpack for all

**Group II: Common personnel protection items**

9. Umbrellas - 5 Nos
10. Chest protection gear - 5 Nos
11. Carnivore Protection Jacket
12. Riot Shield - 5 Nos
13. Helmet
14. Body Harness
15. Animal handling bite proof gloves – 3 pairs
16. Electricity proof gloves - 3 Nos
17. Breathing apparatus – 1 Nos
18. Powerful torches – 5 Nos
19. Head lights – 10 Nos.
20. Life jackets – 3 Nos
21. Tent
22. First aid kits – 1 Nos

**Group III: Animal rescue items**

23. Tiger Cage – 1 Nos.
24. Tiger squeeze cage – 1 Nos

25. Tiger Transportation cage – 1 No
26. Rails – 1 Set
27. Leopard Cage – 1 No.
28. Monkey trap – 2 Nos.
29. Monkey catcher – 2 Nos
30. Monkey transportation cage – 2Nos
31. Small animal cages – 2Nos
32. Treatment cages for small animals – 1 Nos
33. Snake catching equipment – 2 Nos
34. Cage for snake – 2 Nos
35. Animal Catch Pole – 2 Nos.
36. Snare Hook – 2 Nos.
37. Temporary shed for keeping animals

**Group IV: Supporting equipment**

38. Ropes with pully large – 2 Nos
39. Ropes with pully small – 2 Nos
40. Ropes – 2 Nos
41. Rope ladder – 2 Nos.
42. Rope net – 2 Nos
43. Rope net with metal ring – 1 No.
44. Small animal round net with pole – 1 No.
45. Safety harness – 2 Nos
46. Webbing sling – 2 Nos
47. Safety nets - 2 Nos
48. Foldable Stretchers - 1Nos
49. Foldable Aluminium ladder – 1 Nos
50. Fire beaters – 10 Nos.
51. Tape and posts for cordoning sites
52. Equipment for temporary solar fencing
53. Cutting player – 1 No.
54. Wire cutter – 1 No.

1671

55. Axe – 5 Nos
56. Knives – 5 Nos
57. Spades 2 Nos.
58. Crow bar – 1 Nos.
59. Pick axe – 1 Nos.
60. Hammer – 1 Nos.
61. Tool kit – 1 Nos
62. Water sprayer with hose – 1 No.
63. Water hose – 1 No.
64. Motor Sprayer – 1 No.
65. Water tank 5000 Litre
66. Water cans – 2 Nos
67. Metal box for keeping valuable equipment – 2 Nos.
68. Tarpaulin sheets – 2 Nos
69. Camp utensils – 1 set.
70. Power Saw – 1 Nos
71. Blower – 1 Nos
72. Weed cutter – 1 Nos
73. Crackers and launchers – 5 Nos

**Group V: Weapons**

74. 12 bore pump action gun - 1 No with rubber bullets and pellet cartridges
75. 0.315 Rifles with cartridges

**Group VI: Electrical and electronic equipents**

76. Asca light – 1 Nos
77. Generator – 1 No.
78. Net Gun – 1 No.
79. Night vision binoculars – 1 Nos
80. Drone – 1 No.
81. Camera traps – 10 Nos
82. Camera – 1 No.

83. GPS – 2 Nos.
84. Rechargeable Cells – 10 Nos
85. Cell recharger – 2 Nos
86. 12 V Battery charger – 1 Nos.
87. Thermal imaging cameras – 1 No
88. Metal Detector – 1 No.
89. Walky Talkies
90. Wireless base station
91. Wireless mobile unit
92. Wireless repeater station
93. Desktop computer- depending on fund availability
94. Colour printer - depending on fund availability

**Group VII: Vehicles**

95. Bike for transport of snakes – 1 No.
96. Vehicle fitted with lights & mikes.

**Group VIII: Maintenance facility**

97. Tool room
98. Register of tools
99. Inspection register
100. Maintenance record for equipment